**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1872** **05-07-2022 - ൽ മറുപടിയ്ക്ക്**

**തിരുവമ്പാടി സ്റ്റേഡിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. വി. അബ്ദുറഹിമാൻ<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി ധനസഹായത്തോടെ തിരുവമ്പാടി മാമ്പറ്റയിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന സ്റ്റേഡിയത്തിന്റെ ടെൻഡർ അംഗീകാരം അനിശ്ചിതമായി നീളുന്നതിന്റെ കാരണം വിശദമാക്കുമോ; | (എ) | **തിരുവമ്പാടി മണ്ഡലത്തിലെ മുക്കം മാമ്പറ്റയിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തിയ്ക്കായുള്ള ദർഘാസ് അംഗീകരിക്കുന്നതിനായി ടെണ്ടർ അക്സപ്റ്റൻസ് കമ്മിറ്റി യോഗം 14.02.2022ൽ ചേർന്നിരുന്നു. ടി പ്രവൃത്തിയുടെ ദർഘാസിൽ മൂന്ന് പേരാണ് പങ്കെടുത്തിരുന്നത്. ഇതിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ (എൽ 1) ദർഘാസുകാരനേക്കാൾ 9.25% കൂടുതൽ തുക രേഖപ്പെടുത്തിയ ഊരാലുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുമായി നെഗോസിയേഷൻ നടത്തി എൽ 1 രേഖപ്പെടുത്തിയിരുന്ന നിരക്കിൽ പ്രവൃത്തി ചെയ്യാൻ തയ്യാറായാൽ ഊരാലുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയ്ക്ക് പ്രവൃത്തി അവാർഡ് ചെയ്യാമെന്നും, ഊരാലുങ്കൽ ലേബർ സൊസൈറ്റി രേഖപ്പെടുത്തിയ നിരക്ക് കുറയ്ക്കുവാൻ തയ്യാറായില്ലെങ്കിൽ പ്രസ്തുത സൊസൈറ്റി രേഖപ്പെടുത്തിയ നിരക്കിൽ തന്നെ പ്രവൃത്തി അവാർഡ് ചെയ്യുന്നതിനുമാണ് ടെണ്ടർ അക്സപ്റ്റൻസ് കമ്മിറ്റി തീരുമാനമെടുത്തിരുന്നത്.**<br><br>**ഊരാലുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി നിരക്ക് കുറയ്ക്കാൻ തയ്യാറായിട്ടില്ല. ഈ സാഹചര്യത്തിൽ വർക്ക് അവാർഡ് ചെയ്യുന്ന കാര്യത്തിൽ അന്തിമ തീരുമാനം എടുക്കാൻ നടപടി സ്വീകരിച്ചു വരുന്നു.** |
| (ബി) | ടെൻഡർ അംഗീകാരം അടിയന്തരമായി നൽകുന്നതിനും പ്രവൃത്തി ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ? | (ബി) | **തിരുവമ്പാടി മണ്ഡലത്തിലെ മുക്കം മാമ്പറ്റയിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തിയ്ക്കായുള്ള ദർഘാസ് അംഗീകരിക്കുന്നതിനായി ടെണ്ടർ അക്സപ്റ്റൻസ് കമ്മിറ്റി യോഗം 14.02.2022ൽ ചേർന്നിരുന്നു. ടി പ്രവൃത്തിയുടെ ദർഘാസിൽ മൂന്ന് പേരാണ് പങ്കെടുത്തിരുന്നത്. ഇതിൽ ഏറ്റവും കുറഞ്ഞ നിരക്ക്** |

| | | | |
|---|---|---|---|
| | | | **രേഖപ്പെടുത്തിയ (എൽ 1) ദർഘാസുകാരനേക്കാൾ 9.25% കൂടുതൽ തുക രേഖപ്പെടുത്തിയ ഊരാലുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുമായി നെഗോസിയേഷൻ നടത്തി എൽ 1 രേഖപ്പെടുത്തിയിരുന്ന നിരക്കിൽ പ്രവൃത്തി ചെയ്യാൻ തയ്യാറായാൽ ഊരാലുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയ്ക്ക് പ്രവൃത്തി അവാർഡ് ചെയ്യാമെന്നും, ഊരാലുങ്കൽ ലേബർ സൊസൈറ്റി രേഖപ്പെടുത്തിയ നിരക്ക് കുറയ്ക്കുവാൻ തയ്യാറായില്ലെങ്കിൽ പ്രസ്തുത സൊസൈറ്റി രേഖപ്പെടുത്തിയ നിരക്കിൽ തന്നെ പ്രവൃത്തി അവാർഡ് ചെയ്യുന്നതിനുമാണ് ടെണ്ടർ അക്സപ്റ്റൻസ് കമ്മിറ്റി തീരുമാനമെടുത്തിരുന്നത്.**<br><br>**ഊരാലുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി നിരക്ക് കുറയ്ക്കാൻ തയ്യാറായിട്ടില്ല. ഈ സാഹചര്യത്തിൽ വർക്ക് അവാർഡ് ചെയ്യുന്ന കാര്യത്തിൽ അന്തിമ തീരുമാനം എടുക്കാൻ നടപടി സ്വീകരിച്ചു വരുന്നു.** |

സെക്ഷൻ ഓഫീസർ